# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-5276 | 24.10.2011-ൽ മറുപടിക്ക്

## യുവജനക്ഷേമ ബോർഡ് വഴി യുവമാദ്ധ്യമ പ്രവർത്തക ക്യാമ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡ് യുവമാദ്ധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ; | (എ) കേരള സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ദൃശ്യ-അച്ചടി മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള ഇരുനൂറോളം യുവതീ-യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2011 ആഗസ്റ്റ് 25, 26 തീയതികളിൽ എറണാകുളം ജില്ലയിലെ കലൂർ റിന്യൂവൽ സെന്ററിൽ വച്ച് യുവമാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി; |
| (ബി) എന്തു ലക്ഷ്യബോധത്തോടെയാണ് ഇത് സംഘടിപ്പിച്ചത്; | (ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ എന്നിവയെക്കുറിച്ച് യുവ മാധ്യമ പ്രവർത്തകർക്കും, ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ദൃശ്യ-അച്ചടി മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവതീ യുവാക്കൾക്കുമിടയിൽ അവബോധം വളർത്തുക എന്നതാണ് യുവമാധ്യമ പ്രവർത്തക ക്യാമ്പിന്റെ പ്രധാന ലക്ഷ്യം; |
| (സി) ഏതൊക്കെ മേഖലയിൽ ഉളളവരാണ് ഇതിൽ പങ്കെടുത്തത്; | (സി) കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ തുടങ്ങിയ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും, ദൃശ്യ-അച്ചടി മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവതീയുവാക്കളും ഈ വിഷയങ്ങളിൽ തൽപ്പരരായ യുവജനക്ലബ്ബുകളിലെ പ്രതിനിധികളുമാണ് ക്യാമ്പിൽ പങ്കെടുത്തത്; |
| (ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ തയ്യാറാകുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ